പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 287

22.02.2016- ൽ മറുപടിക്ക്

## സാമൂഹ്യസുരക്ഷാ മിഷൻ

ചോദ്യം
ശ്രീ.സാജു പോൾ
ശ്രീ.ജി.സുധാകരൻ
ശ്രീ.വി.ശിവൻകുട്ടി
ശ്രീമതി.കെ.എസ്.സലീഖ

ഉത്തരം
ഡോ. എം.കെ. മുനീർ
(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. സർക്കാർതലത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികളും വിലയിരുത്താറുണ്ട്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഗവേണിംഗ് ബോഡിയിലും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) | മിഷൻ വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്ക് 2015 - 16 വർഷത്തിൽ നീക്കിവെച്ചിരുന്ന തുക കൃത്യമായി നല്കിയിട്ടുണ്ടോ ഇല്ലെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് നൽകിയിട്ടില്ല എന്നതിനെ സംബന്ധിച്ച വിവരം നൽകാമോ; | (ബി) | ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി, ആശ്വാസകിരണം പദ്ധതി, സ്നേഹസ്പർശം പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ, വയോമിത്രം പദ്ധതി, വിശപ്പു രഹിത നഗരം പദ്ധതി, വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി, സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ നിയമിക്കുന്ന പദ്ധതി, ശ്രുതിതരംഗം പദ്ധതി, സ്നേഹപൂർവ്വം പദ്ധതി, സ്റ്റേറ്റ് ഇൻഷ്യറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് (എസ്.ഐ.ഡി), സമാശ്വാസം പദ്ധതി, പ്രത്യാശ വിവാഹധനസഹായ പദ്ധതി, സ്റ്റേറ്റ് ഡിസബിലിറ്റി സർവ്വേ, കാരുണ്യ |

| | | | |
|---|---|---|---|
| | | | ഡിപ്പോസിറ്റ് സ്കീം, വീ-കെയർ എന്നിവയാണ് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ. 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതികൾക്ക് നീക്കി വച്ചിരുന്ന തുക അനുവദിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധി മൂലം പല പദ്ധതികളുടെയും നടത്തിപ്പ് അവതാളത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Nandhavaran

**സെക്ഷൻ ഓഫീസർ**